പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1149 **15-10-2026-ൽ മറുപടിയ്ക്ക്**

ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ചാലക്കുടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: ചാലക്കുടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികൾക്ക് അനുവദിച്ച തുക, ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി, പൂർത്തീകരിച്ച പ്രവൃത്തികളുടെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച കെ.ആർ.എഫ്.ബി - പി.എം.യു മുഖേന നടപ്പിലാക്കിവരുന്ന പ്രവർത്തികളും അവയുടെ നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

(1) ചാലക്കുടി - ആനമല റോഡ്

ചാലക്കുടി ആനമല റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 27.96 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തിക അനുമതിയും 28.32 കോടി രൂപയ്ക്കു പുതുക്കിയ സാമ്പത്തിക അനുമതിയും നൽകി. തുടർന്ന് 21.01 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി ടെൻഡർ ചെയ്യുകയും 20.35 കോടി രൂപയ്ക്ക് ആർ. പി. പി ഇൻഫ്രാസ്ട്രക്ച്ചർ എന്ന കമ്പനിയുമായി കരാർ നൽകുകയും ചെയ്തിട്ടുണ്ട്. ചാലക്കുടി മലക്കപ്പാറ അന്തർസംസ്ഥാന പാതയിൽ (SH21) കുമ്മാട്ടി മുതൽ മലക്കപ്പാറ വരെയുള്ള പ്രസ്തുത റോഡിന്റെ ആകെ നീളം 32.40 കിലോമീറ്റർ ആണ്. പ്രസ്തുത റോഡിന്റെ 22.175 കി. മി. ദൂരം ബി. സി ഓവർലേയും 10.225 കി. മി ദൂരം ആധുനിക രീതിയിൽ സബ് ബേസ്, വെറ്റ് മിക്സ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ ഉപയോഗിച്ചുമാണ് നിർമ്മിച്ചിരിക്കുന്നത്. 31.03.2025 തീയതിയിൽ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(2) മുരിങ്ങൂർ ഏഴാറ്റുമുഖം റോഡ്

മുരിങ്ങൂർ ഏഴാറ്റുമുഖം റോഡിന് 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 31.23 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തിക അനുമതി നൽകി. പ്രവൃത്തിയുടെ ആകെ നീളം 12.20 കി. മി ആണ്. തുടർന്ന് 30.17 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി 27.40 കോടി രൂപയ്ക്കു കരാർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ 33% പൂർത്തീകരിച്ചു. എന്നാൽ കരാറുകാരന്റെ നിസ്സഹരണത്തെ തുടർന്ന്, പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ 30.01.2023 തീയതിയിലെ ഓർഡർ പ്രകാരം ടെർമിനേറ്റ് ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ, മേൽ പ്രവർത്തിയുടെ കരാറുകാരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ടി വിഷയം സർക്കാർ പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ

04/03/2026 തീയതിയിലെ സ.ഉ.(സാധാ) നം.326/2026/PWD പ്രകാരം ടി കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രോജക്റ്റ് ഡയറക്ടർ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്, കെ.ആർ.എഫ്.ബിയുടെ കാര്യാലയത്തിലെ 30.01.2023 തീയതിയിലെ നടപടി ഉത്തരവിനെതിരെ കരാറുകാരൻ സമർപ്പിച്ച WP(C) 4192/2023 കേസ് നിലവിൽ പിൻവലിച്ചതായി കരാറുകാരൻ 29.09.2026 തീയതിയിൽ അറിയിച്ചിട്ടുണ്ട്. 18.09.2026-ലെ WP(C) 4192/2023 കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ, ഇതേ കേസിലെ 08/02/2023-ലെയും 23/02/2026-ലെയും വിധിയുടെ നിലവിലെ പ്രസക്തി സംബന്ധിച്ച് നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

(3) മുരിങ്ങൂർ ഏഴാറ്റുമുഖം റോഡ് (ബാലൻസ് പ്രവൃത്തി)

ബാലൻസ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് 21.90 കോടി രൂപയ്ക്കു സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ബാലൻസ് പ്രവൃത്തി ഉൾപ്പെടുത്തി ഈ പ്രവൃത്തിക്ക് 39.05 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 23.26 കോടി രൂപയ്ക്കു ബാബ് കൺസ്ട്രക്ഷൻസ് എന്ന കമ്പനിക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ 90% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(4) മലയോര ഹൈവെ റീച്ച് 3 – നിർമ്മാണം

വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെ മലയോരഹൈവെ പ്രവൃത്തിക്ക് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെയുള്ള പ്രവൃത്തിക്ക് 80.57 കോടി രൂപയ്ക്കു സാമ്പത്തിക അനുമതിയും 124.69 കോടി രൂപയ്ക്കു കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നൽകി. തുടർന്ന് 107.27 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 91.78 കോടി രൂപയ്ക്ക് തെരുവത്ത് ബിൽഡേഴ്സ് എന്ന കമ്പനിക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ 67% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(5) ചാലക്കുടി - മോതിരക്കണ്ണി റോഡ്

ചാലക്കുടി - മോതിരക്കണ്ണി റോഡിന് 10 കോടി രൂപയ്ക്കു തത്വത്തിൽ ഭരണാനുമതിയും, 30.56 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തിക അനുമതിയും 13.461 കോടി രൂപയ്ക്കു പുതുക്കിയ സാമ്പത്തിക അനുമതിയും നൽകി. ചാലക്കുടി വെള്ളിക്കുളങ്ങര റോഡിൽ മാവിൻചുവട്ടു ജംഗ്ഷനിൽ നിന്നാരംഭിച്ച് എളാപ്പുള്ളി വരെ നീളുന്ന റോഡിന്റെ ആകെ നീളം 7.4 കി.മി ആണ്. നിലവിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പിടൽ പ്രവൃത്തികൾ സൈറ്റിൽ പുരോഗമിക്കുന്നു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തി ഒഴിവാക്കി നിലവിൽ ഉള്ള വീതിയിൽ റോഡ് പ്രവൃത്തി ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. 13.45 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി 26.02.2026 തീയതിയിൽ പ്രവൃത്തി ടെൻഡർ ചെയ്തു, 13.03.2026 തീയതിയിൽ ടെക്നിക്കൽ ബിഡ് തുറക്കുകയും, ടി ബിഡിൽ 2 ബിഡ്ഡർമാർ പങ്കെടുത്തിട്ടുമുണ്ടായിരുന്നു. 23.04.2026 തീയതിയിലെ 216-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിക്കുകയും ആയതു കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 58-ാമത് കിഫ്ബിയുടെ ബോർഡ് മീറ്റിംഗിന്റെ തീരുമാനപ്രകാരമുള്ള പ്രവർത്തികളുടെ മുൻഗണനാ ക്രമത്തിൽ പ്രവർത്തി ഉൾപ്പെട്ടതിനാൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു പ്രവർത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കും.

(6) പൂവത്തിങ്കൽ - വെള്ളൂക്കര റോഡ്

പ്രസ്തുത റോഡിന് 12 കോടി രൂപയ്ക്കു തത്വത്തിൽ ഭരണാനുമതിയും, സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 43.04 കോടി രൂപയ്ക്കു സാമ്പത്തിക അനുമതി നൽകി. പൂവത്തിങ്കൽ ജംഗ്ഷനിൽ നിന്നാരംഭിച്ച് വെള്ളൂക്കര

വരെ നീളുന്ന റോഡിന്റെ ആകെ നീളം 9.155 കി. മി ആണ്. പ്രസ്തുത പ്രവൃത്തി എഫ്.ഡി.ആർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. നിലവിൽ 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. 11(1) വിജ്ഞാപനം ലഭിക്കുന്നതിനു വേണ്ടിയുള്ള എക്സ്‌പെർട്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(7) പാറക്കുട്ടം പാലം

പാറക്കുട്ടം പാലം പ്രവർത്തിക്ക് 25 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, 35.15 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാനുമതിയും നൽകി. അതിർത്തി കല്ലിടൽ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ ഭാഗമായുള്ള 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.

(8) കാഞ്ഞിരപ്പള്ളി കുന്നപ്പള്ളി കടവ് പാലം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രവൃത്തിക്ക് 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകി. മേൽ പ്രവൃത്തിയുടെ DPR കിഫ്ബിക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കലിനായി 3.7 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാനുമതിയും നൽകി. ഭൂമിയേറ്റെടുക്കൽ പ്രവർത്തിക്കായുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ ഭൂമിയേറ്റെടുക്കൽ പ്രാരംഭ നടപടിയിലാണ്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോന്നിന്റെയും എത്ര ശതമാനം നിർമ്മാണം പൂർത്തിയായെന്നും പൂർത്തിയാകാനുള്ള പ്രവൃത്തികളുടെ നിലവിലെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

മറുപടി: ചാലക്കുടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികൾക്ക് അനുവദിച്ച തുക, ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി, പൂർത്തീകരിച്ച പ്രവൃത്തികളുടെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച കെ.ആർ.എഫ്.ബി - പി.എം.യു മുഖേന നടപ്പിലാക്കിവരുന്ന പ്രവർത്തികളും അവയുടെ നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

(1) ചാലക്കുടി - ആനമല റോഡ്

ചാലക്കുടി ആനമല റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 27.96 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തിക അനുമതിയും 28.32 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതിയും നൽകി. തുടർന്ന് 21.01 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി ടെൻഡർ ചെയ്യുകയും 20.35 കോടി രൂപയ്ക്ക് ആർ. പി. പി ഇൻഫ്രാസ്ട്രക്ചർ എന്ന കമ്പനിയുമായി കരാർ നൽകുകയും ചെയ്തിട്ടുണ്ട്. ചാലക്കുടി മലക്കപ്പാറ അന്തർസംസ്ഥാന പാതയിൽ (SH21) കുമ്മാട്ടി മുതൽ മലക്കപ്പാറ വരെയുള്ള പ്രസ്തുത റോഡിന്റെ ആകെ നീളം 32.40 കിലോമീറ്റർ ആണ്. പ്രസ്തുത റോഡിന്റെ 22.175 കി. മി. ദൂരം ബി. സി ഓവർലേയും 10.225 കി. മി ദൂരം ആധുനിക രീതിയിൽ സബ് ബേസ്, വെറ്റ് മിക്സ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ ഉപയോഗിച്ചുമാണ് നിർമ്മിച്ചിരിക്കുന്നത്. 31.03.2025 തീയതിയിൽ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(2) മുരിങ്ങൂർ ഏഴാറ്റുമുഖം റോഡ്

മുരിങ്ങൂർ ഏഴാറ്റുമുഖം റോഡിന് 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 31.23 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തിക അനുമതി നൽകി. പ്രവൃത്തിയുടെ ആകെ നീളം 12.20 കി. മി ആണ്. തുടർന്ന് 30.17 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി 27.40 കോടി രൂപയുടെ കരാർ

നൽകി നിർമ്മാണ പ്രവർത്തനങ്ങൾ 33% പൂർത്തീകരിച്ചു. എന്നാൽ കരാറുകാരന്റെ നിസ്സഹരണത്തെ തുടർന്ന്, പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ 30.01.2023 തീയതിയിലെ ഓർഡർ പ്രകാരം ടെർമിനേറ്റ് ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ, മേൽ പ്രവർത്തിയുടെ കരാറുകാരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ടി വിഷയം സർക്കാർ പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 04/03/2026 തീയതിയിലെ സ.ഉ.(സാധാ) നം.326/2026/PWD പ്രകാരം ടി കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രോജക്ട് ഡയറക്ടർ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, കെ.ആർ.എഫ്.ബിയുടെ കാര്യാലയത്തിലെ 30.01.2023 തീയതിയിലെ നടപടി ഉത്തരവിനെതിരെ കരാറുകാരൻ സമർപ്പിച്ച WP(C) 4192/2023 കേസ് നിലവിൽ പിൻവലിച്ചതായി കരാറുകാരൻ 29.09.2026 തീയതിയിൽ അറിയിച്ചിട്ടുണ്ട്. 18.09.2026-ലെ WP(C) 4192/2023 കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ, ഇതേ കേസിലെ 08/02/2023-ലെയും 23/02/2026-ലെയും വിധിയുടെ നിലവിലെ പ്രസക്തി സംബന്ധിച്ച് നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

(3) മുരിങ്ങൂർ ഏഴാറ്റുമുഖം റോഡ് (ബാലൻസ് പ്രവൃത്തി)

ബാലൻസ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് 21.90 കോടി രൂപയ്ക്കു സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ബാലൻസ് പ്രവൃത്തി ഉൾപ്പെടുത്തി ഈ പ്രവൃത്തിക്ക് 39.05 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 23.26 കോടി രൂപയ്ക്കു ബാബ് കൺസ്ട്രക്ഷൻസ് എന്ന കമ്പനിക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ 90% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(4) മലയോര ഹൈവെ റീച്ച് 3 – നിർമ്മാണം

വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെ മലയോരഹൈവെ പ്രവൃത്തിക്ക് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെയുള്ള പ്രവൃത്തിക്ക് 80.57 കോടി രൂപയ്ക്കു സാമ്പത്തിക അനുമതിയും 124.69 കോടി രൂപയ്ക്കു കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നൽകി. തുടർന്ന് 107.27 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 91.78 കോടി രൂപയ്ക്ക് തെരുവത്ത് ബിൽഡേഴ്സ് എന്ന കമ്പനിക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ 67% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(5) ചാലക്കുടി - മോതിരക്കണ്ണി റോഡ്

ചാലക്കുടി - മോതിരക്കണ്ണി റോഡിന് 10 കോടി രൂപയ്ക്കു തത്വത്തിൽ ഭരണാനുമതിയും, 30.56 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തിക അനുമതിയും 13.461 കോടി രൂപയ്ക്കു പുതുക്കിയ സാമ്പത്തിക അനുമതിയും നൽകി. ചാലക്കുടി വെള്ളിക്കുളങ്ങര റോഡിൽ മാവിൻചുവട്ടു ജംഗ്ഷനിൽ നിന്നാരംഭിച്ച് എളാപ്പുള്ളി വരെ നീളുന്ന റോഡിന്റെ ആകെ നീളം 7.4 കി.മി ആണ്. നിലവിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പിടൽ പ്രവൃത്തികൾ സൈറ്റിൽ പുരോഗമിക്കുന്നു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തി ഒഴിവാക്കി നിലവിൽ ഉള്ള വീതിയിൽ റോഡ് പ്രവൃത്തി ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. 13.45 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി 26.02.2026 തീയതിയിൽ പ്രവൃത്തി ടെൻഡർ ചെയ്ത്, 13.03.2026 തീയതിയിൽ ടെക്നിക്കൽ ബിഡ് തുറക്കുകയും, ടി ബിഡിൽ 2 ബിഡ്ഡർമാർ പങ്കെടുത്തിട്ടുമുണ്ടായിരുന്നു. 23.04.2026 തീയതിയിലെ 216-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിക്കുകയും ആയതു കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 58-ാമത് കിഫ്ബിയുടെ ബോർഡ് മീറ്റിംഗിന്റെ തീരുമാനപ്രകാരമുള്ള പ്രവർത്തികളുടെ മുൻഗണനാ ക്രമത്തിൽ പ്രവർത്തി ഉൾപ്പെട്ടതിനാൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു പ്രവർത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കും.

(6) പൂവത്തിങ്കൽ - വെള്ളൂക്കര റോഡ്

പ്രസ്തുത റോഡിന് 12 കോടി രൂപയ്ക്കു തത്വത്തിൽ ഭരണാനുമതിയും, സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 43.04 കോടി രൂപയ്ക്കു സാമ്പത്തിക അനുമതി നൽകി. പൂവത്തിങ്കൽ ജംഗ്ഷനിൽ നിന്നാരംഭിച്ച് വെള്ളൂക്കര വരെ നീളുന്ന റോഡിന്റെ ആകെ നീളം 9.155 കി. മി ആണ്. പ്രസ്തുത പ്രവൃത്തി എഫ്.ഡി.ആർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. നിലവിൽ 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. 11(1) വിജ്ഞാപനം ലഭിക്കുന്നതിനു വേണ്ടിയുള്ള എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(7) പാറക്കുട്ടം പാലം

പാറക്കുട്ടം പാലം പ്രവർത്തിക്ക് 25 കോടി രൂപയ്ക്കു തത്വത്തിൽ ഭരണാനുമതിയും, 35.15 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തികാനുമതിയും നൽകി. അതിർത്തി കല്ലിടൽ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ ഭാഗമായുള്ള 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.

(8) കാഞ്ഞിരപ്പള്ളി കുന്നപ്പള്ളി കടവ് പാലം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രവൃത്തിക്ക് 10 കോടി രൂപയ്ക്കു തത്വത്തിൽ ഭരണാനുമതി നൽകി. മേൽ പ്രവൃത്തിയുടെ DPR കിഫ്ബിക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കലിനായി 3.7 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തികാനുമതിയും നൽകി. ഭൂമിയേറ്റെടുക്കൽ പ്രവർത്തിയ്ക്കായുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ ഭൂമിയേറ്റെടുക്കൽ പ്രാരംഭ നടപടിയിലാണ്.

സെക്ഷൻ ഓഫീസർ

KIIFB PWD Projects in Chalakkudy LAC

Sl. No	Project Code	Sub Project Name	Project Outlay (Rs. In Crore)	SPV Name	LAC	District	Work Status	Physical Progress (%)	Sector	Current Status
1	PWD001-57	Construction of Kanjirappilly-Kunappilly Kadavu Bridge across Chalakudy River in Thrissur District - LA Only	₹ 3.70	KRFB	Chalakudy	Thrissur	KIIFB Approved	-	Bridges	Revenue B order obtained from Government. LA procedures is going to commence.
2	PWD004-117	Improvements to Chalakudy - Anamala road	₹ 28.33	KRFB	Chalakudy	Thrissur	Phase I (Road) - Work Completed Phase II - Work awarded.	Phase I Road Work - 100% Phase II Work awarded	Roads	Phase I - Road Work completed on 31.03.2025 Phase II - Pathadipalam Bridge & Side protection work - Work awarded.
3	PWD005-15	Chirangara Railway Over Bridge	₹ 5.34	RBDCK	Chalakudy	Thrissur	Work Completed	100%	ROBs	Work completed & opened to traffic on 07.12.2024.
4	PWD006-27	Improvements to Chathan Master Road Km. 0/000 to 8/480 in Thrissur District - **Deposit Mode**	₹ 9.03	KRFB	Chalakudy, Pudukadu, Irinjalakuda	Thrissur	Work Tendered	-	Roads	Letter No. APR-9/13218/2026/KIIFB dated 22.09.2026 issued to SPV to follow directions as per 58th KIIFB GB Minutes.
5	PWD013-18	Development of Hill Highway - Improvements from Vellikulangara to Vettilappara bridge in Chalakkudy Constituency, Thrissur	₹ 124.69	KRFB	Chalakudy	Thrissur	Work in progress	67%	Hill Highway	Retaining wall, drain and culvert works are progressing at site. Culvert 37 out of 44 completed Drain 14600m completed. Out of total 18, DBM 14.2km completed
6	PWD015-06	IMPROVEMENTS TO MURINGOOR - EZHATTUMUGHAM ROAD FROM KM 0/000 – 17/205, THRISSUR DIST.	₹ 39.05	KRFB	Chalakudy Aluva	Thrissur, Ernakulam	Work in progress	Original Work Terminated - 33% Balance Work - 90%	Roads	DBM and BC completed for 11.7km. 500m initial portion pending. Culvert works the initial 500m progressing.
7	PWD015-63	Chalakudy Mothirakanny road in Thrissur road - **Deposit Mode**	₹ 13.46	KRFB	Chalakudy	Thrissur	Work Tendered	-	Roads	Letter No. APR-9/13218/2026/KIIFB dated 22.09.2026 issued to SPV to follow directions as per 58th KIIFB GB Minutes.
8	PWD015-64	Poovanthundal- Velukkara Road	₹ 43.05	KRFB	Chalakudy	Thrissur	LA in progress	-	Roads	Expert committee report submitted for obtaining 11(1) notification.
9	PWD016-35	Construction of Parakkottam bridge and connecting road in Chalakudy LAC in Thrissur district	₹ 35.15	KRFB	Chalakudy	Thrissur	LA in progress	-	Bridges	4(1) notification published.